LIBRARY ARCHIVES Kerala Legislative Assembly

തൃക്കുന്നപ്പുഴ ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണം

196 (1666) ശ്രീ. ബി. ബാബു പ്രസാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കുന്നപ്പുഴ പഞ്ചായത്തിൽ അനുവദിച്ച ഫിഷ് ലാൻഡിംഗ് സെന്ററിന്റെ നിർമ്മാണത്തിനു മുമ്പുള്ള നടപടിക്രമങ്ങൾ ഏതുഘട്ടംവരെ ആയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഫിഷ് ലാൻഡിംഗ് സെന്ററിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(സി) ഇക്കാര്യത്തിൽ എന്തു തടസ്സമാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിലെ തൃക്കുന്നപ്പുഴ പഞ്ചായത്തിലെ പതിയങ്കരയിൽ നബാർഡ് ധനസഹായത്തോടെ ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മാണത്തിന് 60 ലക്ഷം രൂപ അടങ്കൽ തുക വരുന്ന പദ്ധതിക്ക് ഭരണാനുമതി നൽകുകയുണ്ടായി. ലേല ഹാൾ, ഓഫീസ് കെട്ടിടം, ടോയ്ലറ്റ് ബ്ലോക്ക്, ഓട ചുറ്റുമതിൽ, അപ്രോച്ച് റോഡ്, യാർഡ് ലെവലിങ്ങ് എന്നീ ഘടകങ്ങളാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഇതിൽ ലേല ഹാൾ നിർമ്മാണത്തിന് കരാറുകാരനുമായി ഉടമ്പടി വച്ചിട്ടുണ്ട്. മറ്റ് ഘടകങ്ങളുടെ ദർഘാസിന് സർക്കാർ അംഗീകാരം നൽകിയെങ്കിലും സ്ഥലം ലഭ്യമാകാത്തതിനാൽ പ്രവൃത്തി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

(ബി&സി) പഞ്ചായത്ത് അധികാരികളിൽ നിന്നും സ്ഥലം കൈമാറി ലഭ്യമായാൽ മാത്രമേ പ്രവൃത്തി ആരംഭിക്കാൻ കഴിയുകയുള്ളു.

മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി

197 (1667) ശ്രീ. ജോർജ് എം. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി കടാശ്വാസപദ്ധതിയിൽ ഏതെല്ലാം വിഭാഗങ്ങളെയാണ് ഉൾപ്പെടുത്തിയതെന്നും, കടാശ്വാസ പദ്ധതിയുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ ;

(ബി) ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസപദ്ധതി പ്രകാരം എന്തെല്ലാം പ്രയോജനങ്ങളാണ് ലഭ്യമാകുന്നതെന്ന് വിശദമാക്കുമോ ;

(സി) കടാശ്വാസപദ്ധതിയിൽ മലപ്പുറം ജില്ലയിൽനിന്നും ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും തീർപ്പാക്കിയവയെത്രയെന്നും വിശദമാക്കുമോ ;

(ഡി) അവശേഷിക്കുന്നവ എത്ര സമയപരിധിക്കുള്ളിൽ തീർപ്പാക്കുന്നതിനാണുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്ടിലെ 2(xii) വകുപ്പിൽ പറയുംപ്രകാരം മത്സ്യബന്ധനം ഉപജീവന മാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള മത്സ്യത്തൊഴിലാളികളെയാണ് ടി നിയമപ്രകാരം കടാശ്വാസത്തിനായി പരിഗണിക്കുന്നത്.